

**സുനിൽ ഉപാസന**
8281197641

ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 24

# ചാക്രിക പ്രക്രിയകളിലൂടെ പരിവർത്തനത്തിലേക്ക്

നമ്മൾ അകപ്പെട്ടിരിക്കുന്ന ചില ദയനീയ സാഹചര്യങ്ങൾ, വിശ്വസിക്കാത്ത ശക്തിയിൽ വരെ നമ്മെക്കൊണ്ട് വിശ്വസിപ്പിക്കുമെന്ന് ഞാൻ മുൻ അദ്ധ്യായങ്ങളിലൊന്നിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ വകഭേദവും നിലവിലുണ്ടെന്ന അറിവ് എനിക്കു അവിശ്വസനീയമായിരുന്നു. അതായത്, നാം അകപ്പെട്ടിരിക്കുന്ന ദയനീയ സാഹചര്യങ്ങൾ, വിശ്വസിക്കുന്ന ശക്തിയിൽ നമ്മെക്കൊണ്ട് കൂടുതൽ, അതിതീവ്രമായി വിശ്വസിപ്പിക്കും എന്നത്. വിനുരാജിന്റെ കാര്യത്തിൽ സംഭവിച്ചത് അതാണ്. വിനുവിന്റെ കുടുംബത്തിനു വിശ്വാസരാഹിത്യം ഉണ്ടായിരുന്നില്ല. അവർ നല്ല ഈശ്വരഭക്തിയുള്ളവരായിരുന്നു. മകൻ അകപ്പെട്ടിരിക്കുന്ന സാഹചര്യം അവരെ കൂടുതൽ ഭക്തിയുള്ളവരാക്കി മാറ്റി. അതുകൊണ്ടാണ് മകന്റെ പേരു മാറ്റുക എന്ന കടുത്തതും വിചിത്രവുമായ തീരുമാനം അവരെടുത്തത്. മകന്റെ പെരുമാറ്റം മെച്ചപ്പെടുത്താൻ ദൈവികമായ ഒരു ഇടപെടൽ അവർ പ്രതീക്ഷിക്കുന്ന പോലെ.

സ്പെഷ്യൽ കുട്ടികളുടെ പേരു മാറ്റുന്നത് പോലുള്ള കടുത്ത തീരുമാനത്തിലേക്കു മാതാപിതാക്കളെ നയിക്കുന്ന ആത്യന്തിക ഘടകം എന്താണ്? സ്പെഷ്യൽ കുട്ടികളുടെ മാതാപിതാക്കളുടെ മനോഭാവം സൂക്ഷ്മമായി പരിശോധിച്ചാലേ ഇതിന്റെ കാരണം പിടികിട്ടൂ.



ചിത്രീകരണം - ശ്രീകുമാർ മാവൂർ

Resilient Mindsൽ വൊളന്റിയറായി പ്രവർത്തിക്കുന്ന കാലത്ത് ഞാൻ മാതാപിതാക്കളുടെ മനോഭാവവും വീക്ഷണവും സശ്രദ്ധം വീക്ഷിച്ചിട്ടുണ്ട്. മാതാപിതാക്കളിൽ മിക്കവരും, ഭാവിയിൽ മക്കളുടെ അവസ്ഥയിൽ പുരോഗതിയുണ്ടാകുമെന്നു കരുതുന്നവരാണ്. ഇപ്പോൾ പെരുമാറ്റ പ്രശ്നമുണ്ടെങ്കിലും ഭാവിയിൽ മാറ്റം വരുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷ അവരെക്കൊണ്ട് ചെയ്യിക്കുന്ന കാര്യങ്ങളിൽ ഒന്നാണ് പേരുമാറ്റുക എന്നത്. വലിയ ഇടവേളയില്ലാതെ, കുട്ടികളെ വിവിധ സ്കൂളുകളിൽ മാറ്റി മാറ്റി ചേർക്കുന്നതും മാതാപിതാക്കൾ അവലംബിക്കുന്ന രീതിയാണ്. സ്പെഷ്യൽ കുട്ടികൾ കുറേ വർഷത്തോളം ഒരേ സ്കൂളിൽ പഠിക്കുന്നത് പൊതുവെ അപൂർവ്വമാണ്. (ചില പ്രശസ്ത സ്കൂളുകളെ / ഇൻസ്റ്റിറ്റ്യൂട്ടുകളെ ഉദ്ദേശിച്ചല്ല ഞാനിത് പറയുന്നത്). ഇതിനു പല കാരണങ്ങൾ ഉണ്ടാകാമെങ്കിലും, അതിൽ പ്രമുഖം മാതാപിതാക്കളുടെ പ്രത്യാശാഭംഗമാണ്. അവരുടെ പ്രതീക്ഷക്കു അനുസരിച്ച് മക്കളിൽ പുരോഗതിയില്ലെങ്കിൽ, മറ്റു സ്കൂളുകളിൽ കുട്ടികളെ ചേർത്ത് ഭാഗ്യം പരീക്ഷിക്കാൻ അവർ തുനിയും. ഇങ്ങിനെ ചെയ്യുമ്പോൾ നിലവിലെ സ്കൂളിന്റെ ഗുണനിലവാരത്തോടു അവർക്കു വിയോജിപ്പുണ്ടെന്നല്ല അർത്ഥം. നിലവിലുള്ള സൗകര്യങ്ങളിൽ തൃപ്തരാണെങ്കിൽ

തന്നെയും കുട്ടികളെ മാറ്റും. കുട്ടികളിൽ കാര്യമായ പുരോഗതി പ്രതീക്ഷിക്കുന്നതിന്റെ പ്രതിഫലനമാണ് ഈ സ്കൂൾമാറ്റം. സ്കൂൾ മാറുന്നതിനു യാത്രാക്ലേശം ഉൾപ്പെടെയുള്ള മറ്റു കാരണങ്ങളും ചിലപ്പോൾ ഉണ്ടാകാറുണ്ട്.

മാതാപിതാക്കളിൽ ഞാൻ കണ്ടിട്ടുള്ള മറ്റൊരു പ്രത്യേകത, മക്കളിലെ സ്പെഷ്യൽ സ്വഭാവത്തിന്റെ തോത് അവർ ലഘൂകരിച്ചു കാണിക്കുന്നതാണ്. പൂർണ്ണമായും 'സ്പെഷ്യൽ' എന്ന ഗണത്തിൽ പെടുത്താമെങ്കിലും ആശിഷിന്റെ അമ്മ അതു തുറന്ന് സമ്മതിക്കാറില്ല. 'അവന് അത്രയൊന്നും പ്രശ്നമില്ലെന്നേയ്' എന്നാണ് പറയുക. പക്ഷേ, അവർ ഇപ്രകാരം പറയുന്നത് മറ്റു കുട്ടികളുടെ മാതാപിതാക്കളോടാണ്. സൈക്കോളജിസ്റ്റുകളോടു സംസാരിക്കുമ്പോൾ ആശിഷിന്റെ അമ്മ ഒന്നും മറച്ചുവയ്ക്കില്ല. അവരുടെ മനസ്സിലെ കടൽ അപ്പോൾ നമുക്ക് തൊട്ടറിയാം.

അടുത്തതായി, ഞാനൊരു മുത്തച്ഛന്റെ കഥ പറയാം. ആരതിയുടെ മുത്തച്ഛൻ. സ്പെഷ്യൽ കുട്ടികളെ വളർത്താൻ അനുയോജ്യം കൂട്ടുകുടുംബ വ്യവസ്ഥയാണെന്ന് മുമ്പേ സൂചിപ്പിച്ചല്ലോ. ഇത്തരമൊരു കുടുംബമാണ് ആരതിയുടേത്. പതിനൊന്ന് വയസ്സുള്ള ആരതിയെ എല്ലാ ദിവസവും സ്കൂളിലെത്തിക്കുന്നത് മുത്തച്ഛനാണ്. ആരതിയുടെ മേൽ അദ്ദേഹം എടുക്കുന്ന കരുതൽ മറ്റാരിലും ഞാൻ കണ്ടിട്ടില്ല. പൊക്കം കുറഞ്ഞ് ദൃഢപ്രകൃതക്കാരനായ അദ്ദേഹം ആരതിയുടെ കൈപിടിച്ചാണ് രാവിലെ സ്കൂളിലേക്കു വരിക. ക്ലാസിലെത്തി ബാഗും ചോറ്റുപാത്രവും തന്നു കഴിഞ്ഞാലും അദ്ദേഹം ഉടൻ സ്കൂൾ വിട്ടുപോകില്ല. ആരതിയെ ചുറ്റിപ്പറ്റി പിന്നേയും കുറച്ചു സമയം നിൽക്കും. കാലിൽ തണുപ്പടിക്കാതിരിക്കാൻ എന്നും ആരതിയുടെ കാലിൽ കട്ടിയുള്ള സോക്സ് ധരിപ്പിക്കും. ബാഗ് തുറന്ന് സ്നാക്ക്സും ലഞ്ചും എടുത്തിട്ടുണ്ടെന്നു ഉറപ്പുവരുത്തും. ടീച്ചർമാരോടു ആരതിയുടെ പഠനത്തെപ്പറ്റി സംസാരിക്കും. ഇതെല്ലാം കഴിഞ്ഞ് പുറത്തിറങ്ങിയാലും, എന്തോ മറന്നിട്ടെന്ന പോലെ വീണ്ടും ക്ലാസ്മുറിയിൽ വന്ന് ആരതിയുടെ അടുത്ത് കുറച്ചു സമയം നിൽക്കും. കരുതലിന്റേയും സ്നേഹത്തിന്റേയും നിറകുടമാണ് ഈ മുത്തച്ഛൻ.

ജീവിതത്തിൽ നമുക്കു ഏറ്റവും



അവശ്യമായി ഉണ്ടായിരിക്കേണ്ട ഒന്നാണ് നമ്മെ സ്നേഹിക്കുന്ന, നമ്മെക്കുറിച്ച് കരുതൽ എടുക്കുന്ന ഒരാൾ. അതില്ലാതെ വരുമ്പോൾ, എല്ലാവരും ഉണ്ടായിരിക്കെ തന്നെ, അനാഥരാണെന്നു നമുക്ക് തോന്നും. സ്പെഷ്യൽ കുട്ടികളുടെ കാര്യത്തിൽ ഇതിനു പരമപ്രാധാന്യമുണ്ട്. കാരണം, സ്പെഷ്യൽ കുട്ടികളുടെ പെരുമാറ്റം പലരേയും എളുപ്പത്തിൽ മടുപ്പിക്കും. ഏതാനും ആഴ്ചകളോ മാസങ്ങളോ കുട്ടികളുമായി ഇടപഴകാനും കൂടിക്കഴിയാനും ചിലർ തയ്യാറാകുമെങ്കിലും, വർഷങ്ങളോളം നീളുന്ന തുടർച്ചയായ സഹവാസം, മാതാപിതാക്കൾ ഒഴികെ, പലരും ആഗ്രഹിക്കുന്നില്ല. അപഭ്രംശങ്ങൾ ഇല്ലെന്നല്ല, തീർച്ചയായും ഉണ്ട്. അപഭ്രംശങ്ങൾ വിരളമാണെന്നതാണ് പ്രശ്നം.

ഞാനിതെല്ലാം എന്തിനു എണ്ണിയെണ്ണി എഴുതുന്നു എന്ന ചോദ്യം വായനക്കാരിൽ ഒരുപക്ഷേ ഉയരാം. സുഹൃത്തുക്കളേ... നിങ്ങൾക്കറിയാമോ, മുകളിൽ എഴുതിയ ഓരോ കാര്യങ്ങളോടും താരതമ്യപ്പെടുത്താവുന്ന സംഭവങ്ങൾ എന്റെ ജീവിതത്തിലും ഉണ്ടായിട്ടുണ്ട്. മാതാപിതാക്കൾ കുട്ടികളെ ഒരു സ്കൂളിൽ നിന്നു മറ്റൊരു സ്കൂളിലേക്കു മാറ്റുന്നെന്നു പറഞ്ഞല്ലോ. ഇതുപോലെയാണ് എന്റെ മാതാപിതാക്കൾ എന്റെ ചികിൽസാ കാര്യത്തിൽ പെരുമാറിയത്. അവർ ഓരോരോ സ്ഥലങ്ങളിൽ കൊണ്ടുപോയി, പലതരം ചികിൽസകൾ എനിക്കു നൽകി. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധവൈദ്യം, അക്യുപങ്ചർ., തുടങ്ങി കൈവെള്ളയിലെ മർമ്മകേന്ദ്രങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ടുള്ള ചികിൽസക്കുവരെ ഞാൻ വിധേയനായിട്ടുണ്ട്. ഒന്ന് തൃശ്ശൂരിലാണെങ്കിൽ, മറ്റൊന്ന് തിരുവനന്തപുരം, മറ്റൊന്ന് സമീപനാട്ടിൽ, പിന്നെ ഇരിങ്ങാലക്കുട... അങ്ങിനെ നിരവധി സ്ഥലങ്ങളിൽ മാതാപിതാക്കൾ എന്നേയും കൊണ്ട് കയറിയിറങ്ങി. നിങ്ങൾക്കു എന്റെ അമ്മയിലെ, അച്ഛനിലെ, അല്ലെങ്കിൽ സഹോദരനിലെ മാനസികസമ്മർദ്ദം ഊഹിക്കാമോ? ഓരോ ഇടത്തേയും ചികിൽസാ പരീക്ഷണങ്ങൾ എന്റെ മനസ്സിനെ എത്രമാത്രം വേദനിപ്പിച്ചെന്ന് ഊഹിക്കാമോ? സ്പെഷ്യൽ കുട്ടികൾ സ്കൂളുകളിലാണ് കയറിയിറങ്ങിയതെങ്കിൽ, ഞാൻ മാതാപിതാക്കളോടൊപ്പം തകർന്ന മനസ്സോടെ വിവിധ ചികിൽസാ കേന്ദ്രങ്ങൾ കയറിയിറങ്ങി. നിങ്ങൾക്കറിയുമോ, ആശിഷിന്റെ അമ്മ പറയുന്ന പോലെ, എന്റെ അമ്മയും ഒരുകാലത്ത് 'അവനു അത്രയൊന്നും